## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 453** — **08-07-2024 - ൽ മറുപടിയ്ക്ക്**

## നിയമനത്തിനുള്ള വിശേഷാൽ ചട്ടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തിയ നിയമനങ്ങൾ പല സ്ഥാപനങ്ങളിലും നടത്താൻ കഴിയുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും നിയമനങ്ങൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി കമ്പനി/ബോർഡ്/കോർപ്പറേഷൻ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. ക്ക് വിടുന്നതിനുള്ള നടപടികളാണ് ഈ സർക്കാരും മുൻ സർക്കാരും സ്വീകരിച്ചത്. നിയമനം പി.എസ്.സി. ക്ക് വിട്ട സ്ഥാപനങ്ങൾക്കായി വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ അതാത് ഭരണവകുപ്പുകളിൽ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. വിശേഷാൽ ചട്ട രൂപീകരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്കായി 'ടാസ്ക് ഫോഴ്സ്' രൂപീകരിക്കുകയും നിർദിഷ്ട ഇടവേളകളിൽ സമിതി ചേർന്ന് വിശേഷാൽ ചട്ട രൂപീകരണത്തിന്റെ സ്ഥിതി വിലയിരുത്തി അവ ത്വരിതഗതിയിൽ പൂർത്തിയാക്കുവാൻ വേണ്ട നിർദ്ദേശം നല്കിവരികയും ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിലേക്കുള്ള നിയമനത്തിന് വിശേഷാൽ ചട്ടം തയ്യാറാക്കുന്നതിൽ കാലതാമസം വരുത്തുന്നതിന്റെ കാരണം വിശദമാക്കുമോ; | (ബി) | സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് നിലവിലുള്ള ജീവനക്കാർക്ക് സർവീസ് സംബന്ധമായ ബുദ്ധിമുട്ടുകൾ ഉണ്ടാകാത്ത വിധത്തിൽ മാത്രമേ വിശേഷാൽ ചട്ട രൂപീകരണം പൂർത്തിയാക്കാൻ കഴിയുകയുള്ളൂ.<br><br>വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിന് കരട് ചട്ടം തയ്യാറാക്കി സർവീസ് സംഘടനകളുമായി ചർച്ച നടത്തി നിയമ വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളുമായി കൂടിയാലോചിക്കുക, സെക്രട്ടറിതല കമ്മിറ്റിയുടെ അംഗീകാരം തേടുക, പി.എസ്.സി. യുടെ ഉപദേശം തേടുക, ബന്ധപ്പെട്ട സബ്ജക്റ്റ് കമ്മിറ്റിയുടെ അനുമതി തേടുക തുടങ്ങി വിശദമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതുള്ളതിനാൽ വിശേഷാൽ ചട്ടങ്ങളുടെ രൂപീകരണത്തിന് കാലതാമസം ഉണ്ടാകുന്നുണ്ട്. ഇത് |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് നിശ്ചിത സമയപരിധിക്കുള്ളിൽ വിശേഷാൽ ചട്ട രൂപീകരണത്തിനുള്ള നടപടികൾ പൂർത്തിയാക്കണമെന്ന് നിഷ്കർഷിച്ചു കൊണ്ട് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 07.07.2023-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | നിശ്ചിത കാലയളവിനുള്ളിൽ വിശേഷാൽ ചട്ടം തയ്യാറാക്കി പി.എസ്.സി.ക്ക് നൽകാൻ അടിയന്തര നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ; | (സി) | നിയമന ചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കുവാൻ എല്ലാ ഭരണ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൂടാതെ, നിയമനങ്ങൾ പി.എസ്.സി. യ്ക്ക് വിട്ടിട്ടും വിശേഷാൽ ചട്ടങ്ങൾ/റിക്രൂട്ട്മെന്റ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിൽ വിശേഷാൽ ചട്ട രൂപീകരണം വിലയിരുത്തുന്നതിനും അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതിനുമായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്, ധനകാര്യ വകുപ്പ്, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്, നിയമ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായി 'ടാസ്ക് ഫോഴ്സ്' രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | പി.എസ്.സി. ക്ക് വിട്ട നിയമനങ്ങളിൽ താൽക്കാലിക നിയമനം നടത്തുന്നവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | നിയമനങ്ങൾ പി.എസ്.സി. ക്കു വിട്ട പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമന ചട്ടങ്ങൾ തയ്യാറാക്കിയ ശേഷം പി.എസ്.സി മുഖേന മാത്രമേ നിയമനം നടത്താൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഭരണപരമായ പ്രവർത്തനത്തിന് ഏറ്റവും അത്യാവശ്യമായ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്നും ഇക്കാലയളവിൽ ഇത്തരം തസ്തികകളിലേക്ക് സ്ഥിര നിയമനങ്ങൾ നടത്തരുതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ